# MATHRUBHUMI - 27-09-2024

# മത്സ്യമാലിന്യ സംസ്കരണം: ധാരണാപത്രം കൈമാറി

തോപ്പുംപടി ▸ മത്സ്യമാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിച്ചില്ലെങ്കിൽ പരിസ്ഥിതി പ്രശ്നങ്ങളുണ്ടാകുമെന്നതിനാൽ അതിനുള്ള സംവിധാനങ്ങളുണ്ടാകണമെന്ന് കേന്ദ്ര ഫിഷറീസ്-മൃഗസംരക്ഷണ മന്ത്രി ജോർജ് കുര്യൻ പറഞ്ഞു.

മത്സ്യമാലിന്യം മത്സ്യത്തീറ്റയും വളവുമാക്കി മാറ്റുന്ന നൂതന യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള കരാറിന്റെ ധാരണാപത്രം കൈമാറുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.



ഉപേക്ഷിക്കപ്പെട്ട മീൻപിടിത്ത ബോട്ടുകളിലെ ഫൈബർ പ്ലാസ്റ്റിക്കിൽ നിന്ന് കേന്ദ്ര മത്സ്യ ഗവേഷണ സ്ഥാപനമായ സിഫ്റ്റ് വികസിപ്പിച്ചെടുത്ത ഉത്പന്നങ്ങൾ കേന്ദ്രമന്ത്രി ജോർജ് കുര്യൻ പരിശോധിക്കുന്നു

ഉപേക്ഷിക്കപ്പെട്ട മത്സ്യബന്ധന ബോട്ടുകളിൽനിന്ന് ഉരുത്തിരിഞ്ഞ ഫൈബർ റീ ഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക്കിൽ നിന്ന് വികസിപ്പിച്ചെടുത്ത ഉത്പന്നങ്ങൾ മന്ത്രി പ്രകാശനം ചെയ്തു. സിഫ്റ്റിന്റെ വിവിധ പ്രസിദ്ധീകരണങ്ങളും അദ്ദേഹം പ്രകാശനം ചെയ്തു. സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ, സ്വച്ഛതാ ആക്ഷൻ പ്ലാൻ നോഡൽ ഓഫീസർ ഡോ. വി. ഗീതാലക്ഷ്മി തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. പരിസ്ഥിതി സംരക്ഷണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷിമേഖലയിലെ മാലിന്യ നിവാരണത്തിനും വേണ്ടി സിഫ്റ്റ് നിർമിച്ച ബയോബൂസ്റ്റ്, മൈക്രോബൂസ്റ്റ് (ജീവാണു മിശ്രിതം) മന്ത്രി പ്രകാശനം ചെയ്തു.

പൊന്നുരുന്നി വാർഡ് കൗൺസലറായ ദിപിൻ ദിലീപിന് ഈ മിശ്രിതം കൈമാറി.